ആഗോള സാമ്പത്തിക മാന്ദ്യം

24 (*624) ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള സാമ്പത്തിക മാന്ദ്യം കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ എത്രമാത്രം ദോഷകരമായി ബാധിച്ചു എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കയറ്റുമതി രംഗത്ത് ഏതെല്ലാം മേഖലകളിലാണ് കുറവുണ്ടായത് ;

(സി) ടൂറിസം ഐ.ടി. മേഖലകളെ സാമ്പത്തികമാന്ദ്യം എത്ര മാത്രം ദോഷകരമായി ബാധിച്ചു ;

(ഡി) ജോലി നഷ്ടപ്പെട്ട എത്ര പേരാണ് വിദേശത്തുനിന്നും തിരിച്ചെത്തിയതെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) സാമ്പത്തിക മാന്ദ്യം നേരിടുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(എഫ്) അതിന്റെ ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനം, പ്രതിശീർഷ വരുമാനം എന്നിവയുടെ വളർച്ചാനിരക്ക് 2006-07 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2008-09, 2009-10 കാലഘട്ടത്തിൽ കുറഞ്ഞിട്ടുണ്ട്. ആഗോള സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ എത്രമാത്രം ദോഷകരമായി ബാധിച്ചു എന്നതിനെക്കുറിച്ച് 2009-10 സാമ്പത്തിക വർഷത്തെ അന്തിമ കണക്കുകൾ ലഭ്യമായശേഷം മാത്രമേ പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

(ബി) ഡയറക്ടറേറ്റ് ജനറൽ ഓഫ് കോമേഴ്സ്യൽ ഇന്റലിജൻസ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് പുറത്തിറക്കിയ കണക്കുപ്രകാരം 2009 ഏപ്രിൽ മുതൽ 2010 ജനുവരി വരെയുള്ള കാലയളവിൽ മുൻവർഷത്തെ അപേക്ഷിച്ച് തേയില, കാപ്പി, സുഗന്ധ വ്യഞ്ജനങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവയുടെ കയറ്റുമതിയിൽ കുറവുണ്ടായിട്ടുണ്ട്.

(സി) വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് മുൻകാലങ്ങളെ അപേക്ഷിച്ച് മാന്ദ്യത്തിനുശേഷമുള്ള സീസണുകളിൽ അനുഭവപ്പെട്ടിട്ടുണ്ട്. ഐടി. മേഖലയിൽ തൊഴിൽ ലഭ്യതയ്ക്ക് കുറവുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മാന്ദ്യകാലയളവിൽ വിവിധ കാരണങ്ങളാൽ 37000-നും 63000-നും ഇടയ്ക്ക് പ്രവാസി കേരളീയർ മടങ്ങിയെത്തിയതായി സി.ഡി.എസ്-ന്റെ ഒരു പഠനത്തിൽ കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സാമൂഹ്യ സുരക്ഷിതത്വ നടപടികളുടെ ഭാഗമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും രണ്ടു രൂപയ്ക്ക് റേഷൻ അരി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. പട്ടിക വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, ആശ്രയസ്കീമിലെ കുടുംബങ്ങൾ, അസംഘടിത മേഖലയിലെ തൊഴിലാളികൾ എന്നിവരിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള വർക്കും രണ്ട് രൂപയ്ക്ക് റേഷൻ അരി ലഭ്യമാക്കുന്നുണ്ട്. മാവേലി സ്റ്റോറുകൾ വഴി 14 രൂപയ്ക്ക് യഥേഷ്ടം അരി വിതരണം ചെയ്യുന്നു. തകർച്ചയുടെ പശ്ചാത്തലത്തിൽ വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളുടെ തുക 300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ദീർഘനാളായി കുടിശ്ശികയായി നിൽക്കുന്ന ദുർബല വിഭാഗങ്ങൾക്കുള്ള ഭവന വായ്പകൾ എഴുതിത്തള്ളി അവരുടെ പ്രമാണങ്ങൾ തിരിച്ചു നൽകാനുള്ള നടപടി സ്വീകരിച്ചു. പെയ്ഡ് അപ് ക്യാപിറ്റൽ 30 കോടി രൂപ വരെയുള്ള വ്യവസായ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്നതിന് കെ.എഫ്.സി.ക്ക് അനുമതി നൽകിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നേരത്തേ ഈ പരിധി 10 കോടി രൂപയായിരുന്നു. പരിധി 30 കോടി രൂപയായി ഉയർത്തിയത് കാരണം കൂടുതൽ വ്യവസായ സംരംഭകർക്ക് വായ്പ സൗകര്യം ലഭ്യമാക്കുന്നതാണ്. കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റിനുവേണ്ടിയുള്ള ഭൂമിയേറ്റെടുക്കലിന് 95.22 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചു കഴിഞ്ഞു. മാന്ദ്യവിരുദ്ധ പാക്കേജിൽ പ്രഖ്യാപിച്ച അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് 3000-ത്തിൽപ്പരം കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട് എന്ന് പൊതുമരാമത്ത് വകുപ്പിൽനിന്നും അറിയിച്ചിട്ടുണ്ട്. ഇതിൽ വിവിധ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 860.29 കോടി രൂപയുടേയും റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 1770 കോടി രൂപയുടേയും കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 469.44 കോടി രൂപയുടേയും പ്രവർത്തികൾ ഉൾപ്പെടുന്നു. വിവിധ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിനും നവീകരണത്തിനും 478.61 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വിവിധ കനാലുകളുടേയും റഗുലേറ്റർ-കം-ബ്രിഡ്ജുകളുടേയും നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കായി 519.44 കോടി രൂപയുടെ ഭരണാനുമതിയും പുറപ്പെടുവിച്ചിട്ടുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണത്തിനായി 103.98 കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്.

(എഫ്) മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി ആരംഭിച്ച വിവിധ പ്രവർത്തികളും പ്രോജക്ടുകളും ആരംഭദിശയിലാണ്. ഇവയുടെ നടത്തിപ്പിലൂടെ സംസ്ഥാനത്തിലെ തൊഴിൽ ലഭ്യതയും വരുമാനവും വർദ്ധിക്കും. പൊതു വിപണിയിലെ ഇടപെടലിനായി സ്വീകരിച്ച നടപടികളിലൂടെ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിനെ ഒരളവുവരെ പ്രതിരോധിക്കാൻ സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly